പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5740

28.03.2018 ൽ
മറുപടിക്ക്

## പോലീസ് സേനയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിനു മുന്നോടിയായി ക്രമസമാധാന പരിപാലനം കാര്യക്ഷമമാക്കുന്നതിന് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ അനുവദിച്ച് കമ്പ്യൂട്ടർവത്കരണം നടത്തിയിട്ടുള്ളതും, ഇന്റർനെറ്റ്, ഇ മെയിൽ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി Crime and Criminal Tracking Network and Systems (CCTNS) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി അറിയാൻ സാധിക്കുന്നു. ഫയലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി iAPS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തിര പരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളെ സ്മാർട്ടാക്കുന്നതിന്റെ |

ഭാഗമായി താഴെപ്പറയുന്ന ആപ്ലിക്കേഷനുകളും നടപ്പിലാക്കി വരുന്നു.

- ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി E-rekha മൊബൈൽ ആപ്ലിക്കേഷൻ
- പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനായി eVIP
- കുറ്റകൃത്യം നടന്ന സ്ഥലം മാപ്പ് ചെയ്യുന്നതിനായി GIS Crime Mapping
- ദിവസം തോറുമുള്ള കേസ്, പെറ്റി ഡീറ്റയിൽസ് എന്നിവ ശേഖരിക്കുന്നതിനായി Crime Drive
- കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child
- കാണാതായ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി 'വാഹനശമനി'

| | |
|---|---|
| ബി) കുറ്റവാളികളെ ചോദ്യം ചെയ്യുന്നതിന് ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചതിലൂടെ കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനും കഴിയുന്നുണ്ടോ;വ്യക്തമാക്കാമോ; | ബി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും, കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മറ്റ് ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങളുടെ ഏകോപനത്തോടു കൂടി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി രൂപീകരിച്ച എത്തിക്കൽ ഹാക്കേഴ്സ് ടീമിന്റെ പ്രവർത്തനം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എത്രമാത്രം സഹായകമായിട്ടുണ്ട്; വിശദീകരിക്കുമോ; | സി) എത്തിക്കൽ ഹാക്കേഴ്സിന്റെ സഹായത്തോടെ Social Media Analysis, Online Cyber Patrolling എന്നീ പ്രവർത്തനങ്ങളിലൂടെ Online കുറ്റകൃത്യങ്ങൾ തടയുന്നതിനും സമൂഹത്തിന് ദോഷകരമായ വെബ്സൈറ്റുകളും സോഷ്യൽ മീഡിയാ ഗ്രൂപ്പിനേയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു വരുന്നു. |
| ഡി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ കാലാനുസൃതമായി രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിന് സംവിധാനം ഒരുക്കുമോ;വിശദമാക്കാമോ? | ഡി) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി എത്തിക്കൽ ഹാക്കിംഗ്, സൈബർ ക്രൈംസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്. സേനയിൽ നിലവിലുള്ള ലാത്തി ഡ്രിൽ പരിഷ്കരിച്ച് സേനാംഗങ്ങളെ പുതിയ ലാത്തി ഡ്രിൽ പരിശീലിപ്പിച്ചു വരുന്നു. |

സേനാംഗങ്ങളുടെ മാനസികാരോഗ്യം
മെച്ചപ്പെടുത്തി, സേനയെ ശക്തിപ്പെടുത്തുക
എന്ന ഉദ്ദേശ്യത്തോടു കൂടി Stress Management
എന്ന വിഷയത്തിലും പരിശീലനം നൽകി
വരുന്നതിനോടൊപ്പം കേരള പോലീസ്
ട്രെയിനിംഗ് പാംലെറ്റ്-ന്റെ പരിഷ്കരണ
നടപടികളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ